ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ടൂറിസം വികസിപ്പിക്കുന്നതിനുവേണ്ടി യുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. അവർ സമർപ്പിച്ച നിർദ്ദേശങ്ങളിൽ എന്തൊക്കെ നടപ്പാക്കി ?

ശ്രീ. പി. പി. ഉമ്മർകോയ : അതനുസരിച്ചു മൂന്നാം പഞ്ചവത്സര പദ്ധതിയിൽ വേണ്ട നടപടികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. ആർ. സുഗതൻ : തേക്കടിയിൽ സ്ഥാപിച്ചിരിക്കുന്ന ആരണ്യ നിവാസ് പെരിയാർ തടാകത്തിന്റെ തീരപ്രദേശത്താണ്. അവിടം സന്ദർശിക്കുന്ന ടൂറിസ്റ്റുകൾക്ക് പ്രകൃതിരമണീയമായ കാഴ്ചകളാണുള്ളത്. അതു കൂടുതലായി വികസിപ്പിക്കുന്ന കാര്യത്തെപ്പറ്റി അന്വേഷിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അന്വേഷിക്കാം.

ശ്രീ. എൻ. മോസ്സുരൻ നായർ : ജപ്പാൻ മുതലായ വിദേശ രാജ്യങ്ങളിൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ ടൂറിസ്റ്റുകളുടെ സഹായത്തിനായി സുന്ദരികളായ ഗൈഡുകളെ ഏർപ്പെടുത്തുന്നതായി അറിയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെ സുന്ദരികളായ ഗൈഡുകളെ ഏർപ്പെടുത്തി ടൂറിസം വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല.

ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ

* 832. [3] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വിദ്യാലയ വർഷത്തിൽ എത്ര സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ അനുവദിച്ചു ;

(ബി) ഇതിനുവേണ്ടി കൈക്കൊണ്ട മാനദണ്ഡം എന്തു് ;

(സി) മീനച്ചിൽ താലൂക്കിൽ നീലൂർ സെന്റ് ജോസഫ് ഹൈസ്കൂളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സ് അനുവദിച്ചുകിട്ടണമെന്നുകാണിച്ചു അപേക്ഷ ലഭിച്ചിരുന്നോ ;

(ഡി) ലഭിച്ചിരുന്നെങ്കിൽ അതിന്മേൽ എന്തുനടപടി കൈക്കൊണ്ടു?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 33.

(ബി) സാമ്പത്തികബാദ്ധ്യതകൾ വരാതെ ഇപ്പോൾ ഉള്ള അദ്ധ്യാപകന്മാരെക്കൊണ്ടു് ക്ലാസ്സ് നടത്താൻ സാധിക്കുമെന്നുള്ളപക്ഷം അതും ഓരോ താലൂക്കിനും 4 സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ നടത്താൻ അനുവദിച്ചിട്ടുണ്ട്.

(സി) അപേക്ഷ ലഭിച്ചിരുന്നു.

(ഡി) അപേക്ഷ ഡിപ്പാർട്ടുമെന്റിന്റെ പരിശോധനയിൽ ഇരിക്കുകയാണു്.

ശ്രീ. സി. എ. മാത്യു : മീനച്ചിൽ താലൂക്കിൽ ഒരു സ്കൂളിൽമാത്രമേ ഇംഗ്ലീഷ് മീഡിയം അനുവദിച്ചുകൊടുത്തിട്ടുള്ളൂ. ഇപ്പോൾ ഒരു താലൂക്കിനു് നാലു സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ തുടങ്ങാൻ അനുവദിച്ചിട്ടുണ്ടെന്നു പറഞ്ഞു. പിന്നെ എന്തുകൊണ്ടാണു് ഇതുമാത്രം പ്രത്യേകമായിട്ടു പരിഗണിക്കാതെയിരുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഈ അപേക്ഷ കിട്ടിയിട്ട് വളരെ നാളായില്ല. അതു് ഡി. പി. ഐ. ക്കു പരിശോധനയ്ക്കായി വിട്ടുകൊടുത്തിരിരിക്കുകയാണു്. അതിലേക്കു പാലാ ഡി. ഇ. ഓ. യുടെ റിപ്പോർട്ടു് കിട്ടിക്കഴിഞ്ഞിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കൊട്ടാരക്കര താലൂക്കിലുള്ള ഒരു ഹൈസ്കൂളിൽ ഇംഗ്ലീഷ് മീഡിയം അനുവദിക്കണമെന്നുകാണിച്ചു ആ സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷകർത്താക്കൾ ഗവണ്മെൻറിലേക്കു അപേക്ഷ അയയ്ക്കുകയുണ്ടായിട്ടുണ്ടു്. അവിടെ മുമ്പു പറഞ്ഞതനുസരിച്ചു നാലു ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ തുടങ്ങീട്ടില്ല. അതുകൊണ്ടു് എത്രയും വേഗം അവിടെ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ അനുവദിക്കുന്നതിനു വേണ്ട നടപടി യെടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : നാലു സ്കൂളുകൾ ഒരു താലൂക്കിൽ അനുവദിക്കണമെന്നില്ല. പരമാവധി നാലു് എന്നാണു്. ഈ അപേക്ഷയെപ്പറ്റി പ്രത്യേകമായി ചോദിച്ചാലെ മറുപടി പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. എം. നാരായണക്കുറുപ്പ് : വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനെപ്പറ്റി പറയുമ്പോൾ ഗവണ്മെൻറു് സാമ്പത്തിക ബാദ്ധ്യതയെപ്പറ്റി പറയാറുണ്ടു്. അങ്ങനെ സാമ്പത്തികബാദ്ധ്യത കൂടാതെ വിദ്യാഭ്യാസനിലവാരം ഉയർത്തണം എന്നുപറയുന്നതു് കൈനനയ്ക്കാതെ ഊണുകഴിക്കാനുള്ള ഒരു ശ്രമം പോലെയാണെന്നുള്ളതുകൊണ്ടു് ഈ സാമ്പത്തിക ബാദ്ധ്യതവരുത്താതെ സ്കൂളുകൾ ആരംഭിക്കാൻ തയാറുള്ള സ്ഥലങ്ങളിൽ അതു അനുവദിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇ പറഞ്ഞ മാനദണ്ഡമനുസരിച്ചു പല സ്ഥലത്തും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. സി. ഏബ്രഹാം : ഈ സാമ്പത്തിക ബാദ്ധ്യത വരുന്നില്ല എന്നു ബോദ്ധ്യപ്പെട്ട സ്ഥലങ്ങളിൽപോലും ഇതു അനുവദിക്കുന്നില്ല എന്നുള്ളതു് അറിയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : 1960–ൽ ഇതു അനുവദിക്കുന്ന അവസരത്തിൽ ഒരു district-ൽ ഒരെണ്ണമെന്നാണു്, പിന്നീടു ഒരു താലൂക്കിൽ മൂന്നെണ്ണമായി. ഇപ്പോൾ അതു നാലായിട്ടു വർദ്ധിപ്പിച്ചു. ഈ സ്കൂളുകൾ ആവശ്യമനുസരിച്ചു വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഇ. പി. ഗോപാലൻ : ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ എവിടെയൊക്കെ ആവശ്യമുണ്ടു് എന്നു നോക്കി അതു അനുവദിക്കുന്നതുകൊണ്ടു് വളരെ അധികം ചെലവു വരുന്നു എന്നു പറയുന്നതിൽ കാര്യമില്ല. ഗവണ്മെൻറു് അങ്ങനെ അനുവദിക്കുകയും ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് ഇനിയും ഈ സൗകര്യങ്ങൾ കൂടുതലായി ചെയ്തുകൊടുക്കാൻ ആലോചന നടത്തുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഇപ്പോൾത്തന്നെ ഓരോ താലൂക്കിലും നാലെണ്ണം വച്ചു അനുവാദം കൊടുത്തുകഴിഞ്ഞിട്ടുണ്ടു്. അതനുസരിച്ചു ചില സ്ഥലങ്ങളിൽ ആരംഭിച്ചു. ഇതുകൊണ്ടു് മതിയാകുന്നതല്ലായെന്നുള്ള ഒരു ഘട്ടം വരികയാണെങ്കിൽ അപ്പോൾ ഇതിനേപ്പറ്റി ആലോചിക്കാവുന്നതാണു്. ഇപ്പോൾ അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly